Mr. A. Madhava Prabhu *(Diwan Peishkar):* It is absolutely necessary to have a watcher. I cannot all at once accept this suggestion which has been put forward. It requires some other method by which it can be watched whether the man puts the ballot paper in the box or he takes it away. When the man comes in, it is not possible to identify the person who votes. If a proper slit is constructed it is impossible to find out who comes and votes. So the statement is not correct.

Mr. P. Govinda Menon *(Ernakulam):* It is very difficult to make a slit in such a way.

Mr. A. Madhava Prabhu *(Diwan Peishkar):* There is absolutely no difficulty at all.

Mr. V. R. Krishnan Ezhuthassan *(Oorakam):* Invariably this Government blindly follows whatever is done in British India.

Mr. A. Madhava Prabhu *(Diwan Peishkar):* We do not blindly follow.

Mr. P. Govinda Menon *(Ernakulam):* Will you please consider the new Madras Rules also?

Mr. A. Madhava Prabhu *(Diwan Peishkar):* We will consider.

Mr. P. Kumaran Ezhuthassan *(Vadakkancheri):* The Hon'ble Member speaking for election has been stating that it is an incorrect statement to say that the watcher is in a position to see into which box the ballot goes. That statement of his is an incorrect statement, in view of the arrangements that are being made now. What is done is, Sir, to put up "Bamboo Thatti screens" in which a geometrical process of constructing a slit like this is an impossible feat even for the Hon'ble Member for Revenue of the Cochin Government.

Mr. A. Madhava Prabhu *(Diwan Peishkar):* That statement is incorrect.

Mr. President: Order, order. The Hon'ble Member may be correct in this point of view. We cannot have an arguement.

Mr. A. Madhava Prabhu *(Diwan Peishkar):* It is not bamboo. We got card board slits.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is not correct.

Mr. President: Order, order. The Hon'ble Member must be correct in making a categorical statement.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Even in a card board it is also next to impossible to arrange a slit of the sort that is wanted to prevent the watcher from actually seeing it. If it is sufficient a solid plank made by a good carpenter should be used. So serious consideration may be given as to how the Madras Provinces have been able to manage this. A very serious consideration may be bestowed upon how the mischief of the watcher may be avoided if that is possible.

Mr. P. Mani *(Kanayannur):* I do not press the motion.

Resolution, by leave, withdrawn

The House rose for lunch at 1-30 p.m. and reassembled at 2-30 p. m. with the Hon'ble Deputy President in the Chair.

RESOLUTION No. 3

Starting a Dispensary at Chennamangalam Village

മിസ്റ്റർ പി. വി. റബാസ്റ്റ്യൻ: "ചെന്നമംഗലം വില്ലേജിലെ എയിഡഡ് ഡിസ്പെൻസറി മുഖേന അവിടെ നൽകിവരുന്ന വൈദ്യസഹായം ഏറ്റവും അപര്യാപ്തമാകയാൽ ഏകദേശം ൦൦൦ ജനങ്ങളോളം താമസിക്കുന്ന ടി വില്ലേജിൽ ഒരു സർക്കാർ ഡിസ്പെൻസറി സ്ഥാപിച്ചുതരുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോട് അപേക്ഷിച്ചുകൊള്ളുന്നു." സർ, പൊതുജനങ്ങളുടെ ജീവിതൌകര്യങ്ങളേയും സുഖത്തേയും തീരെ അവഗണിച്ചുകൊണ്ട് വളരെ കാലങ്ങളായി എണ്ണത്തിൽ കവിയുന്നതോളം വരുന്ന ഒരു ജനവിഭാഗത്തിന്റെ നേരെ ഒരു പരിഷ്കൃത ഗവൺമെണ്ടിനുള്ള കടമ നിറവേറിയിട്ടില്ല എന്ന വസ്തുത

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടേയും ഗവൺമെണ്ടിന്റെയും ദൃഷ്ടിയിൽ പെടുത്തുന്നതിനു ഇനിയെങ്കിലും അതിന്റെ പരിഹാരനിർവ്വഹണാർത്ഥം വേണ്ടതു ചെയ്യുവാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാനും വേണ്ടിയാണു, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. അവശ്യം വേണ്ടതായ വൈദ്യസഹായം ഇല്ലാത്ത ഒരു സ്ഥലത്തു ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളെപ്പറ്റി ഒരു ചെറിയ കുട്ടിക്കുപോലും നല്ലവണ്ണം അറിയാവുന്നതാകകൊണ്ടു വൈദ്യസഹായത്തിന്റെ ആവശ്യകതയെപ്പറ്റിയൊ അതിന്റെ അഭാവത്തിൽ ജനങ്ങൾക്കുണ്ടാകുന്ന അരിഷ്ടതകളെപ്പറ്റിയൊ കൂലങ്കഷമായി വിമർശിച്ചു ഈ സഭയുടെ സമയം നഷ്ടപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ചേന്ദമംഗലം നിവാസികൾക്കു ഇങ്ങനെയുള്ള ഒരു വൈദ്യസഹായത്തിനു വല്ല അർഹതയും അവകാശവുമുണ്ടൊ, എന്നുള്ള നില ഇവിടെ ധരിപ്പിക്കേണ്ടതും വിശദീകരിക്കേണ്ടതും എന്റെ ചുമതലയാണെന്നു ഞാൻ വിശ്വസിക്കുന്നു. സംസ്ഥാനത്തിലെ വില്ലേജുകളിൽ ജനസംഖ്യകൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്ന മൂന്നു വില്ലേജുകളിൽ ഒന്നാണു ചേന്ദമംഗലം വില്ലേജ്. മറ്റു ചില വില്ലേജുകളിലെ ജനസംഖ്യയും ഇവിടത്തെ ജനസംഖ്യയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ചേന്ദമംഗലം വില്ലേജിൽ മറ്റു വില്ലേജുകളെ അപേക്ഷിച്ചു നാലൊ അഞ്ചൊ ഇരട്ടി ജനസംഖ്യയുണ്ടെന്നു കാണാവുന്നതാണു. മറ്റൊരു പ്രത്യേക വിശേഷതയും ഈ ചേന്ദമംഗലം വില്ലേജിനുണ്ടു. അതായതു ആ വില്ലേജു സംസ്ഥാനത്തിലെ മറ്റുപ്രദേശങ്ങളിൽനിന്നു ഒരു വലിയ പുഴമുഖേന അതു വേർതിരിക്കപ്പെട്ട കിടക്കുന്നു എന്നുള്ളതാണു. ചേന്ദമംഗലം നിവാസികൾ ഏതാണ്ടു തിരുവിതാംകൂറിന്റെ തെക്കെ അതൃത്തിയിൽ കൊച്ചി ഗവൺമെണ്ടിനാൽ തീരെ തിരസ്കരിക്കപ്പെട്ട, അവഗണിക്കപ്പെട്ട കിടക്കുന്നതിനാൽ ഞങ്ങൾ തിരുവിതാംകൂറിനെ മാത്രം ആശ്രയിച്ചു ജീവിക്കേണ്ടിവരുന്നു.

ഇനി ചേന്ദമംഗലം വില്ലേജിന്റെ മറ്റു നിലകളെപ്പറ്റി അല്പം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ഈ ചേന്ദമംഗലം വില്ലേജിനെ സ്വസ്ഥാനത്തിലെ മറ്റു വില്ലേജുകളോടൊ പട്ടണങ്ങളോടൊ താലൂക്കുകളോടൊതന്നെ താരതമ്യപ്പെടുത്തി നോക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു. സംസ്ഥാനത്തിലെ ഏതു വില്ലേജുകൾ എടുത്തുനോക്കിയാലും ഒരു ഹൈസ്കൂൾ ഉള്ളതല്ലാതെ രണ്ടു ഹൈസ്കൂളുകൾ ഒരു സ്ഥലത്തും കാണുകയില്ല. എന്നാൽ ചേന്ദമംഗലം വില്ലേജിൽ രണ്ടു ഹൈസ്കൂളുകളുണ്ടു. ഇനി ഒരു പട്ടണത്തെതന്നെ എടുത്തുനോക്കാം. ഗവൺമെണ്ടു പട്ടണങ്ങളായി കണക്കാക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ, തൃപ്പൂണിത്തുറ ഒഴിച്ചു ബാക്കിയുള്ള പട്ടണങ്ങളിൽ രണ്ടിൽ കൂടുതൽ ഹൈസ്കൂളുകളില്ല. എന്നാൽ ഇവിടേയും രണ്ടു ഹൈസ്കൂളുകളുണ്ടു. ഇനി പ്രൈമറി വിദ്യാലയങ്ങളെ എടുക്കാം. ഒരു ടൌണിലൊ ഒരു വില്ലേജിലൊ ഏഴൊ എട്ടൊ പ്രൈമറി സ്കൂളുകളിൽ കൂടുതൽ കാണുകയില്ല. എന്നാൽ ചേന്ദമംഗലത്തു പതിമൂന്നു പ്രൈമറി സ്കൂളുകളാണുള്ളതു. ചേന്ദമംഗലത്തെ സാധാരണതരത്തിലുള്ള വെറും ഒരു വില്ലേജു മാത്രമായി കണക്കാക്കിയാൽ പോരാ എന്നു കാണിക്കുവാൻ മാത്രമാണു ഈ സഭയുടെ സമയം ഇങ്ങിനെ വിനിയോഗിക്കുന്നതു. ഇനി ചേന്ദമംഗലത്തോടു അടുത്തുകിടക്കുന്ന കൊടുങ്ങല്ലൂർ താലൂക്കിനെതന്നെ എടുത്തുനോക്കാം. ഈ വില്ലേജുകൾ കൂടുന്ന കൊടുങ്ങല്ലൂർ താലൂക്കിൽ രണ്ടു ഹൈസ്കൂളുകളും ഈ പ്രൈമറി സ്കൂളുകളുമാണുള്ളതു. ഏന്നാൽ ചേന്ദമംഗലം വില്ലേജിൽ ൨ ഹൈസ്കൂളുകളും ൧൩ പ്രൈമറി സ്കൂളുകളും ഒരു സംസ്കൃത സ്കൂളുമുണ്ടു. അതിനുംപുറമെ അവിടെ അനവധി മതപരമായ സ്ഥാപനങ്ങളും പലേ വാണിജ്യ വ്യവസായിക സ്ഥാപനങ്ങളുമുണ്ടു.

ഇനി കൊടുങ്ങല്ലൂർ താലൂക്കു മഹാരാജാവു തിരുമനസ്സിലെ കീഴിൽ ഒരു പ്രത്യേക രാജകുടുംബത്തിന്റെ വകയാണെങ്കിൽ ഈ ചേന്ദമംഗലവും ചരിത്ര പ്രസിദ്ധവും പുരാതനവുമായ ആ ഒരു മറ്റു പാലിയം കുടുംബത്തിന്റെ വകയുമാണു. മഹാരാജാവു തിരുമനസ്സിലെ ഭണ്ഡാരത്തെ ഭൂനികുതികൊണ്ടു നിറക്കുന്ന ആ ശ്രേഷ്ഠമായ പാലിയം കുടുംബവും അതിന്റെ ആസ്ഥാനവും അവിടെയാണു നിലകൊള്ളുന്നതെന്നു ഏറ്റവും അഭിമാനത്തോടുകൂടിതന്നെ ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു. മറ്റുനികുതി ഇനത്തിലും ഒരു വമ്പിച്ച തുക ഗവൺമെണ്ടിലേക്കു ചേന്ദമംഗലത്തുനിന്നു കിട്ടുന്നുണ്ടെന്നു വസ്തുതയും ഒരിക്കലും മറച്ചുവെക്കാവുന്നതല്ലല്ലൊ.

എന്നാൽ ഇങ്ങിനെയൊക്കെ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലത്തു ഗവൺമെണ്ടു ചെയ്തുവെച്ചിട്ടുള്ളതു എന്തൊക്കെയാണു എന്നു ഒന്നു ആലോചിക്കുന്നതു ഈ അവസരത്തിൽ നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു ബ്രാഞ്ചു അഞ്ചലാപ്പീസ്സു, ഒരു പൊലീസ്സു

LIBRARY ARCHIVES Kerala Legislative Assembly

Out-post. ഇതു രണ്ടെണ്ണമാണ് ചേന്ദമംഗലം വില്ലേജുകാക്ക് ഗവമ്മെണ്ടിൽനിന്നും വളരെ കാര്യമായിട്ട് ഉണ്ടാക്കികൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ

അതുകൊണ്ട് വളരെക്കാലമായി അവിടെനിന്നു വാരിക്കോരികൊണ്ടുവന്നിട്ടുള്ള സംഖ്യയിൽനിന്നും ഒരു ചെറിയ അംശമെങ്കിലും ആ വില്ലേജുകാരുടെ ജീവിതസൌകര്യത്തിന്നുവേണ്ടി ഇനിയെങ്കിലും ഗവമ്മെണ്ടിൽനിന്നു ചിലവു ചെയ്യണമെന്ന് ഞാൻ പ്രത്യേകം ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങിനെയുള്ള അത്യാവശ്യകാര്യങ്ങൾ പറയുമ്പോൾ ഫണ്ടില്ലെന്നുള്ള ഒരു ന്യായവുംകൊണ്ടാണ് ഇതിനുമുമ്പ് ഗവമ്മെണ്ടു് വന്നിട്ടുള്ളതെന്നാണ് ഞാൻ മനസിലാക്കീട്ടുള്ളതു്. എന്നാൽ, ഒരു പക്ഷെ, ഇപ്പോൾ അതു് ഗവമ്മെണ്ടു് ആവശ്യപ്പെടുകയില്ലായിരിക്കാം. ഇപ്പോൾ Qualified hands ഇല്ലെന്നുള്ള ന്യായമാണ് ഗവമ്മെണ്ടു് ഇതിനു് പറയുവാൻ പോകുന്നതെങ്കിൽ അതിനെപ്പറ്റി "വേണമെങ്കിൽ ചക്ക വേരിന്മേലും കായ്ക്കും" എന്നേ ഞാൻ പറയുന്നുള്ളു. അവിടെ ഒരു ഹോസ്പിറ്റലാണ് വേണ്ടതു്. അതു് പ്പോൾ ഇല്ലെങ്കിലും ന്യായമായ ഒരു ഡിസ്പെൻസറിയെങ്കിലും അവിടെ കഴിയുന്നതും വേഗം സ്ഥാപിച്ചു തരണമെന്നേ ഞാൻ ആവശ്യപ്പെടുന്നുള്ളു. അതുകൊണ്ടു് ഈ പ്രമേയം ഇവിടെ പാസ്സാക്കി ഡിസ്പെൻസറി സ്ഥാപിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഇക്കൊല്ലംതന്നെ നടത്തണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡിവർ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ പ്രമേയത്തെ പിന്താങ്ങുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഒരു ഡിസ്പെൻസറി അവിടെ ഉണ്ടാക്കണമെന്നുള്ളതു് ഏറ്റവും അത്യാവശ്യമായ കാര്യമാണു്. ഗവമ്മെണ്ടിൽനിന്നു് ഗ്രാന്റു് കൊടുക്കുന്ന ഒരു റൂറൽ ഡിസ്പെൻസറി ഇപ്പോൾ അവിടെ നടത്തുന്നുണ്ടു്. അതായതു് Grant-in-aid ഡിസ്പെൻസറി. ആ ഡിസ്പെൻസറിക്കു് ആവശ്യമുള്ള മരുന്നു ഗവമ്മെണ്ടു് കൊടുക്കുന്നില്ല. ആ ഡിസ്പെൻസറിയിൽ ചെല്ലുന്ന രോഗികളോടു് മരുന്നില്ലെന്നുള്ള ദാരിദ്ര്യം പറയാതെ അവിടെ ചെല്ലുന്ന സകല രോഗികൾക്കും ചികിത്സയും മരുന്നും കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടു് ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഈ Grant-in-aid ഡിസ്പെൻസറി എന്തു ഉദ്ദേശത്തോടുകൂടി ഗവമ്മെണ്ടു് അവിടെ സ്ഥാപിച്ചുവോ ആ ഉദ്ദേശമനുസരിച്ചുള്ള ശരിയായ പ്രയോജനം അവിടെയുള്ള ജനങ്ങൾക്കു് അതുകൊണ്ടു് ഉണ്ടാകുന്നില്ല എന്നതാണു് പരമാർത്ഥം. ഈ Grant-in-aid ഡിസ്പെൻസറിക്കു ഗവമ്മെണ്ടു് കൊടുക്കുന്ന തുക വളരെ തുച്ഛമായതാണു്. അതിൽനിന്നു ഡാക്ടർ അദ്ദേഹത്തിന്റെ ചിലവും കഴിക്കണം, മരുന്നുംവാങ്ങി രോഗികളെ പ്രത്യേകിച്ചും പാവപ്പെട്ട ആളുകളെ ചികിത്സിക്കണമെന്നും വന്നാൽ അതു് നടവടിയുള്ള കാര്യമാണൊ? ഒരു റൂറൽ ഡിസ്പെൻസറിയുണ്ടായാൽ പണമുള്ള ആളുകൾക്കു് അതുകൊണ്ടു് കുറെയെല്ലാം പ്രയോജനമുണ്ടാകും. ഡാക്ടരുടെ പക്കലുള്ള മരുന്നു് സർക്കാരിന്റേതാണെങ്കിലും അല്ലെങ്കിലും ഡാക്ടരെ തൃപ്തിപ്പെടുത്തുന്നവക്കതു വാങ്ങുവാൻ കഴിയും. എന്നാൽ പാവപ്പെട്ട ആളുകൾക്കു് അതു സാദ്ധ്യമല്ല. ഈ മാതിരി റൂറൽ ഡിസ്പെൻസറികൊണ്ടു് പാവപ്പെട്ട ആളുകൾക്കു് മരുന്നു കിട്ടുകയില്ല. മരുന്നിനു എഴുതിയ ശീട്ടു് തലക്കൽവെച്ചു് ഉറങ്ങിയാൽ രോഗം സുഖമാകാത്തതുകൊണ്ടു് എപ്പോഴും മരുന്നിനു ചെല്ലുന്ന രോഗികൾക്കു് സൌജന്യമായി മരുന്നു കിട്ടത്തക്കവണ്ണമുള്ള ഒരു ഡിസ്പെൻസറിയാണു് ആവശ്യം. അതുകൊണ്ടു് ഗവമ്മെണ്ടു് ഈ പ്രമേയത്തെ സ്വീകരിച്ചു് ഇപ്പോൾ അവിടെയുള്ള എയിഡഡു് ഡിസ്പെൻസറി അവിടെ വരുന്ന സകല രോഗികൾക്കും മരുന്നു കിട്ടത്തക്കവണ്ണമുള്ള ഒരു ശരിയായ ഡിസ്പെൻസറിയായി മാറ്റുകയാണു് വേണ്ടതു്. മിസ്റ്റർ ഡെബാസ്സ്വൻ പറഞ്ഞതുപോലെ ഡാക്ടരെ കിട്ടുകയില്ലെന്നു ഗവമ്മെണ്ടു് പറയുമായിരിക്കും. അവിടെയുള്ള എയിഡഡു് ഡിസ്പെൻസറിയിൽ ഒരു ഡാക്ടറുണ്ടു്. അതുകൊണ്ടു് ആളില്ലെന്ന വാദം ഗവമ്മെണ്ടു് പറയുകയില്ല. അതൊരു ശരിയായ ഡിസ്പെൻസറിയായി മാറുവാൻ കുറച്ചധികം ഉറപ്പിക ചിലവുചെയ്യേണ്ടിവരുമെന്നേയുള്ളു. വാസ്തവത്തിൽ രോഗം പിടിപെട്ടു മരിച്ചുപോകുന്നവരുടെ സംഖ്യ ഇവിടെ വളരെച്ചുരുങ്ങിയതാണു് വരുന്നതു്. നമ്മുടെ നാട്ടിൽ രോഗികളായിട്ടുള്ള ജനങ്ങളുടെ രോഗനിവാരണത്തിനു് ആവശ്യമുള്ള വൈദ്യസഹായം ചെയ്തു് ജനങ്ങളുടെ പ്രയത്നശക്തിയെ വളർത്തിപ്പിക്കുവാൻ ഒരു സർക്കാരിനു സാധിക്കുന്നില്ലെങ്കിൽ ആ സർക്കാരിനു് നിലനില്പാൻ അർഹതയില്ലെന്നു് കരുതുന്നവനാണു് ഞാൻ. ജനങ്ങളുടെ പ്രയത്നശക്തി നാൾക്കുനാൾ കുറഞ്ഞുവരുന്നതായിട്ടാണു് കാണുന്നതു്. രോഗത്തിനുള്ള ചികിത്സചെയ്തു ഈ രാജ്യത്തെ ജനങ്ങളുടെ പ്രയത്നശക്തിയെ വളർത്തിപ്പിക്കുവാനുള്ള പ്രവൃത്തികൾ ചെയ്യേണ്ടതു് ഗവമ്മെണ്ടിന്റെ കടമയാണു്. അതുകൊണ്ടു് ആ കാര്യത്തെ മുൻനിർത്തി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങുന്നു. പതിനെണ്ണായിരത്തോളം ജനങ്ങളുള്ള ചേന്ദമംഗലത്തു് ഒരു ഹയിഡഡ് ഡിസ്പെൻസറി ഉള്ള തുകൊണ്ടു് അവരുടെ ആവശ്യങ്ങളൊക്കെ നടക്കുന്നില്ലെന്നുള്ള വസ്തുത തെളിവായി. എയിഡഡ് ഡിസ്പെൻസറിയിൽ ഒരു ഡാക്ടരുണ്ടാകും. ആ ഡാക്ടർക്കു തന്റെ പക്കൽ വരുന്നവർക്കു് സഹായം മരുന്നു കൊടുത്തു് നല്ലവാക്കു പറഞ്ഞു് വീട്ടുവാനല്ലാതെ അവരുടെ മറ്റു സഹായങ്ങളും നിവൃത്തിക്കുവാൻ സാധിക്കുകയില്ല. ചേന്ദമംഗലം എയിഡഡ് ഡിസ്പെൻസറിയിൽ എത്ര ഉദ്യോഗസ്ഥന്മാരോ ശമ്പളക്കാരോ ഉണ്ടെന്നു എനിക്കു നിശ്ചയമില്ല. ഒരു ഡാക്ടർ ഉണ്ടെന്നുമാത്രമേ എനിക്കു അറിവുള്ളൂ. അവിടെ കമ്പൗണ്ടരുണ്ടോ മിഡ്വൈഫുണ്ടോ, നേഴ്സുണ്ടോ എന്നുള്ളതു് എനിക്കു നിശ്ചയമില്ല. ചേന്ദമംഗലം വില്ലേജിലെ സ്ഥിതിഗതികളെപ്പറ്റിയൊക്കെ വിശദമായി മിസ്റ്റർ സെബാസ്റ്റ്യൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അവിടെ ഒരു സക്കാർ ഡിസ്പെൻസറി ആവശ്യമാണെന്നതിനെപ്പറ്റി മിസ്റ്റർ ഡിവറും വളരെ വിവരമായി പറഞ്ഞു. എനിക്കു പറയുവാനുള്ളതു് ഒരു ശരിയായ സക്കാർ അലോപ്പതിക്കു് ഡിസ്പെൻസറിയും ഒരു ഡാക്ടർ, ഒരു കമ്പൗണ്ടർ, ഒരു മിഡ്വൈഫ്, ഒരു നഴ്സ് എന്നിങ്ങനെയുള്ള ഒരു സ്റ്റാഫോടുകൂടി അവിടെ ഒരു ആസ്പത്രിയുണ്ടാക്കണമെന്നാണു്. എന്നാലെ അവിടത്തെ കായ്ക്കുറവു ശരിക്കു നിവൃഹിക്കുവാൻ സാധിക്കുകയുള്ളൂ. മരുന്നിന്റെ കായ്ക്കും മിസ്റ്റർ ഡിവർ പറഞ്ഞുകഴിഞ്ഞു. അവിടെ രാത്രികാലങ്ങളിൽ പെട്ടെന്നു അത്യന്തമായ സൂക്കേടുണ്ടായാലും പ്രസവസംബന്ധമായ വൈഷമ്യങ്ങളുണ്ടായാലും സ്ഥിതിഗതികളും ഞാൻ മനസ്സിലാക്കുന്ന വിധത്തിലാണെങ്കിൽ ആ രോഗികളേയും കൊണ്ടു് കൊടുങ്ങല്ലൂക്കോ, പറവൂക്കോ പോകണം. അല്ലെങ്കിൽ എറണാകുളത്തു കൊണ്ടുവരണം. പ്രസവസംബന്ധമായ വൈഷമ്യങ്ങളോടുകൂടി ഒരു രോഗിയെ വളരെ ദൂരം കൊണ്ടു പോകുന്നതു് വളരെ അപൽകരമാണു്. അതുകൊണ്ടു് അവിടെ ശരിയായ ഒരു അലോപ്പതിക്കു് സക്കാർ ഡിസ്പെൻസറി അത്യാവശ്യമാണു്. അവിടെ ഞാൻ മുമ്പുപറഞ്ഞപോലെ ഒരു സ്റ്റാഫും വേണം വേണ്ടതു മരുന്നുംവേണം. സ്റ്റാഫ് കിട്ടുകയില്ലെന്നുപറയുന്നതു് ശരിയല്ല. അതിന്റെ വഴി മിസ്റ്റർ ഡിവർ കാണിച്ചുകൊടുത്തിട്ടുണ്ടല്ലൊ. ഡാക്ടർമാരെ കിട്ടുവാൻ ഇനിയുള്ള കാലത്തു് വിഷമമുണ്ടാകയില്ല. യുദ്ധസേവനത്തിനു പോയിട്ടുള്ള പല ഡോക്ടർമാരും മറ്റും മടങ്ങിവരുന്നതാണു്. ആ ഡിസ്പെൻസറിയിൽ മൂന്നോ നാലോ രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൌകര്യങ്ങളും ഉണ്ടായിരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

Mr. C. J. Mathew *(Joint Secretary to Government):* Government are aware of the importance of Chennamangalam and the necessity for providing necessary medical aid in that centre. But there is difficulty now to obtain equipments, instruments and other materials required to start a Hospital or Dispensary there. Also there is dearth of medical men. Immediately these difficulties are overcome Government would consider the question seriously.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* And if funds permit afterwards ?

Mr. C. J. Mathew *(Joint Secretary to Government):* No question of funds permitting. It is more a question of getting necessary equipments and medical hands.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is there not an honorary grant-in-aid dispensary there ?

Mr. C. J. Mathew *(Joint Secretary to Government):* Yes, there is a grant-in-aid dispensary there.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Transfer this honorary man.

Mr. C. J. Mathew *(Joint Secretary to Government):* As a general rule the honorary hands do not agree to go from one place to another. They have got their own attractions for particular centres and they are not agreable to be transferred from those centres.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Will the Government please ask if there will be any willing man to go to the new place ?

Mr. C. J. Mathew *(Joint Secretary to Government):* Government have asked them several times and invariably they have declined.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: സർ, ബഹുമാനപ്പെട്ട ജോയിന്റ് സിക്രട്ടറി അവർകൾ അനുകൂലമായ ഒരു സമാധാനം പറഞ്ഞതുകൊണ്ടു് തല്ക്കാലം അതിനെ ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ടും അടുത്ത ഭാവിയിൽതന്നെ, ഡാക്ടർമാരെ കിട്ടുവാൻ വിഷമമുണ്ടാകയില്ല എന്നു പറഞ്ഞതുകൊണ്ടു് അടുത്തുതന്നെ ഇതിനൊരു പരിഹാരമുണ്ടാകും എന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly